"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-ഫയർ & റസ്ക്യൂ ഓഫീസർ, ഫയർ & റസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിലെ ജീവനക്കാർക്ക് യൂണിഫോമിന്റെ ഇടതു കൈയിൽ വകുപ്പിന്റെ എംബ്ലം ധരിക്കുന്നതിനുള്ള അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

**G.O.(Ms)No.125/2024/HOME** തീയതി,തിരുവനന്തപുരം, **07-06-2024**

---

പരാമർശം:- 1. കേരള ഫയർ സർവീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ **26/07/2023** തീയതിയിലെ നിവേദനം.

2. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറ്കടർ ജനറലിന്റെ **11/10/2023, 01/03/2024** തീയതികളിലെ **FIREHQ/1761/2023-E1** നം കത്ത്.

<u>ഉത്തരവ്</u>

അഗ്നിരക്ഷാ സേവന വകുപ്പിൽ ഫയർ & റസ്ക്യൂ ഓഫീസർ, ഫയർ & റസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിലെ ജീവനക്കാർക്ക് യൂണിഫോമിന്റെ ഇടതു കൈയിൽ വകുപ്പിന്റെ എംബ്ലം ധരിക്കുന്നതിനുള്ള അനുമതി നൽകണമെന്നുള്ള കേരള ഫയർ സർവീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ പരാമർശം (1) പ്രകാരമുള്ള നിവേദനം, അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറൽ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ ശിപാർശ പ്രകാരം വകുപ്പിലെ ഫയർ & റസ്ക്യൂ ഓഫീസർ, ഫയർ & റസ്ക്യൂ ഓഫീസർ (ഡ്രൈവർ) തസ്തികയിലെ ജീവനക്കാർക്ക് യൂണിഫോമിന്റെ ഇടതു കൈയിൽ വകുപ്പിന്റെ എംബ്ലം ധരിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ARUN R B

UNDER SECRETARY

ഡയറക്ടർ ജനറൽ, ഫയർ & റസ്ക്യൂ സർവീസസ്, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഫയർ സർവീസ് അസോസിയേഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Shabeer S

Date: 10-06-2024 09:22:33